**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3313 14.3.2018 ൽ മറുപടിയ്ക്ക്**

**ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക**

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക നിലവിലില്ല. |
| (ബി) | ഇല്ലെങ്കിൽ, നേത്ര ചികിത്സാരംഗത്ത് ഒഫ്ത്താൽമിക് അസിസ്റ്റന്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | നേത്ര ചികിത്സയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ് റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്. ജീവിത ശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹം മുഖേന കണ്ണിനുണ്ടാകുന്ന ഡയബെറ്റിക് റെറ്റിനോപതി പ്രാഥമിക തലത്തിൽതന്നെ കണ്ടെത്തുന്നതിനു വേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ, ഒപ് റ്റോമെട്രിസ്റ്റുമാർ എന്നിവർ ജില്ലയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ സഹായത്തോടെ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടു പിടിച്ച് വിവിധ ചികിത്സകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ